**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6276** **17-03-2023 - ൽ മറുപടിയ്ക്ക്**

**ഭൂമി രജിസ്ട്രേഷന് ഓഫീസുകളിൽ നേരിടുന്ന കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമി രജിസ്ട്രേഷന് നിലവിൽ ഓഫീസുകളിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | ഭൂമി രജിസ്ട്രേഷന് നിലവിൽ ഓഫീസുകളിൽ കാലതാമസം ഉള്ളതായി കാണുന്നില്ല.<br><br>എന്നാൽ ഈ വർഷം PEARL സോഫ്റ്റ് വെയർ 25.01.2023 മുതൽ 30.01.2023 വരെയുള്ള നാലു പ്രവൃത്തി ദിനങ്ങളിലും തടസപ്പെട്ടതിനെ തുടർന്ന് സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ ഭാഗികമായി തടസ്സപ്പെട്ടിരുന്നു. സമാന തകരാർ മുൻ വർഷങ്ങളിലും സംഭവിച്ചിരുന്നു. ഇങ്ങനെ നിരന്തരമായുള്ള തകരാറുകൾ കാരണം ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിവിധ സർട്ടിഫിക്കറ്റുകൾക്കായി സബ് രജിസ്ട്രാർ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്ന പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായതായും ശ്രദ്ധയിൽപ്പെട്ടിരുന്നു.<br><br>രജിസ്ട്രേഷൻ സേവനങ്ങൾ തടസ്സം കൂടാതെ സമയബന്ധിതമായി പൊതുജനങ്ങൾക്ക് നല്കുന്നതിനായുള്ള ശാശ്വത പരിഹാരമെന്ന നിലക്ക് നിലവിലെ സോഫ്റ്റ് വെയർ സംവിധാനം മാറ്റി പകരം പുതിയ സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ